**മധുരമായ കുട്ടികളേ - ബാബയ്ക്ക് എല്ലാ കുട്ടികളോടും സ്നേഹമുണ്ട് എന്നാൽ ബാബയുടെ അഭിപ്രായങ്ങൾക്ക് ബഹുമാനം നൽകുന്നത് ആരാണോ, അവർക്ക് തിളക്കമുണ്ടാകും. ഗുണവാനായ കുട്ടികൾ സ്നേഹം ആകർഷിക്കും**

**ചോദ്യം:-** ബാബ ഏതൊരു കരാറാണ് എടുത്തിരിക്കുന്നത്?

**ഉത്തരം:-** എല്ലാവരേയും പുഷ്പമാക്കി മാറ്റി തിരികെക്കൊണ്ടുപോകുന്നതിനുള്ള കരാറ് ഒരേ ഒരു ബാബ യുടേതാണ്. ബാബയെപ്പോലൊരു കരാറുകാരൻ വേറെയില്ല. ബാബയാണ് സർവ്വരുടേയും സദ്ഗതി ചെയ്യാൻ വരുന്നത്. ബാബയ്ക്ക് സേവനമില്ലാതെ ഇരിക്കാൻ കഴിയില്ല. അതിനാൽ കുട്ടികളും സേവന ത്തിന്റെ തെളിവ് നൽകണം. ചെവിക്കൊള്ളാതിരിക്കരുത്.

**ഓം ശാന്തി.** ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്- കുട്ടികളേ, സ്വയം ആത്മാവാണെന്നു മനസ്സിലാക്കി ഇരിക്കൂ. ഇത് ഒരേ ഒരു അച്ഛനാണ് മനസ്സിലാക്കിത്തരുന്നത് അല്ലാതെ ഒരു മനുഷ്യനെക്കൊണ്ടും ഇത് ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കില്ല. സ്വയം ആത്മാ വാണെന്നു മനസ്സിലാക്കൂ- ഇത് 5000 വർഷങ്ങൾക്കുശേഷം അച്ഛൻ തന്നെയാണ് വന്ന് പഠിപ്പിക്കുന്നത്. ഇത് നിങ്ങൾ കുട്ടികൾ മാത്രമേ അറിയുന്നുള്ളു. ഇത് പുരുഷോത്തമ സംഗമയുഗമാണ് എന്നത് മറ്റാർക്കും അറിയില്ല. നമ്മൾ പുരുഷോത്തമ സംഗമയുഗത്തിലാണ് ഇത് നിങ്ങൾ കുട്ടികൾക്ക് ഓർമ്മവേണം, ഇതും മന്മനാഭവയാണ്. അച്ഛൻ പറയുന്നു- എന്നെ ഓർമ്മിക്കൂ എന്തുകൊണ്ടെന്നാൽ തിരിച്ച് പോകണം. 84 ജന്മ ങ്ങൾ ഇപ്പോൾ പൂർത്തിയായി, ഇപ്പോൾ സതോപ്രധാനമായി തിരിച്ചുപോകണം. ചിലരാണെങ്കിൽ തീർത്തും ഓർമ്മിക്കുന്നില്ല. അച്ഛൻ ഓരോ കുട്ടികളുടേയും പുരുഷാർത്ഥത്തെ നല്ലരീതിയിൽ അറിയുന്നു. അതിലും മുഖ്യമായവർ ഇവിടെയുമുണ്ട് അതുപോലെ പുറത്തുമുണ്ട്. ബാബ ഇവിടെയിരുന്ന് നോക്കുന്നുണ്ട് എന്നാൽ ആരാണോ സേവനയുക്തരായ കുട്ടികൾ അവരെയാണ് ബാബ ഓർമ്മിക്കുന്നത്. നോക്കുന്നുണ്ട്, ഇവർ ഏതു പ്രകാരത്തിലുള്ള പുഷ്പമാണ്, ഇവരിൽ എന്തെല്ലാം ഗുണങ്ങളുണ്ട്? ഒരു ഗുണവും ഇല്ലാത്തവരും ഉണ്ട്. ഇപ്പോൾ ഇങ്ങനെയുള്ളവരെക്കണ്ട് ബാബ എന്ത് ചെയ്യും. ബാബ സ്നേഹത്തിന്റെ കാന്തമാണ്, അതിനാൽ തീർച്ചയായും ആകർഷിക്കും. പക്ഷേ ബാബയ്ക്ക് ഉള്ളിന്റെ ഉള്ളിൽ അറിയാം. അച്ഛൻ തന്റെ മുഴുവൻ കണക്കുകളും വെളിപ്പെടുത്തുന്നു അതിനാൽ കുട്ടികളും തന്റെ കണക്ക് കാണിക്കണം. അച്ഛൻ പറയുന്നു ഞാൻ നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കാൻ വന്നിരിക്കുകയാണ്. പിന്നീട് ആര് എങ്ങനെ പുരുഷാർത്ഥം ചെയ്യുന്നുവോ അതുപോലെ. ആരെല്ലാം പുരുഷാർത്ഥം ചെയ്യുന്നുണ്ട്, അതും അറിയണം. ബാബ എഴുതുന്നു- എല്ലാവരുടേയും ജോലി എഴുതിയറിയിക്കു അഥവാ അവരെക്കൊണ്ട് എഴുതിക്കു എന്നിട്ട് അയച്ചുതരൂ. ആരാണോ സമർത്ഥരായ വിവേകശാലികളായ ബ്രാഹ്മിണികൾ, അവർ എന്ത് ജോലി യാണ് ചെയ്യുന്നത്, വരുമാനം എത്രയാണ്? എന്നതെല്ലാം എഴുതിച്ച് അയച്ചുതരുന്നു. അച്ഛൻ തന്റെ എല്ലാം പറഞ്ഞുതരുന്നു അതുപോലെ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തേയും മനസ്സിലാക്കിത്തരുന്നു. എല്ലാവ രുടേയും അവസ്ഥയെ അറിയും. വ്യത്യസ്തങ്ങളായ വിവിധ തരത്തിലുള്ള പുഷ്പങ്ങളാണ്. (ഓരോ പൂക്കളും കാണിച്ചുതന്നിട്ട്) നോക്കൂ, എത്ര രാജകീയമായ പുഷ്പമാണ്. ഇപ്പോൾ നല്ല സുഗന്ധമുണ്ട്, ഇനി മുഴുവനായും വിടരുമ്പോൾ ഫസ്റ്റ് ക്ലാസ് ശോഭയുണ്ടാകും. നിങ്ങളും ഈ ലക്ഷ്മീ നാരായണന്മാരെ പ്പോലെ യോഗ്യരായി മാറും. അതിനാൽ ബാബ എല്ലാവരേയും നോക്കിക്കൊണ്ടിരിക്കുകയാണ്, എല്ലാ വർക്കും സെർച്ച് ലൈറ്റ് നൽകുന്നു എന്നല്ല. അര് എങ്ങനെയാണോ അത് അനുസരിച്ച് ആകർഷിക്കുന്നു, ഒരു ഗുണവും ഇല്ലാത്തവർ എങ്ങനെ ആകർഷിക്കാനാണ്. ഇങ്ങനെയുള്ളവർ അവിടെചെന്ന് വിലകു റഞ്ഞ പദവി നേടുന്നു. ബാബ ഓരോരുത്തരുടേയും ഗുണം കാണുന്നുണ്ട് സ്നേഹിക്കുന്നുമുണ്ട്. സ്നേഹ ത്താൽ കണ്ണ് നനയുന്നു. ഈ സർവ്വീസബിളായ കുട്ടികൾ എത്ര സേവനമാണ് ചെയ്യുന്നത്! ഇവർക്ക് സേവനമില്ലാതെ വിശ്രമിക്കാൻ തോന്നുന്നില്ല. ചിലർക്കാണെങ്കിൽ സേവനം ചെയ്യാനേ അറിയില്ല. യോഗ ത്തിൽ ഇരിക്കുന്നില്ല. ജ്ഞാനത്തിന്റെ ധാരണയില്ല. ബാബ മനസ്സിലാക്കും- ഇവർ എന്ത് പദവി നേടും. ആർക്കും ഒളിഞ്ഞിരിക്കാൻ കഴിയില്ല. ബുദ്ധിശാലികളായ കുട്ടികൾ ആരാണോ, സെന്റർ സംരക്ഷിക്കു ന്നത് ആരാണോ, അവർ ഓരോരുത്തരുടേയും കണക്കുകൾ അയച്ചുതരണം. അപ്പോൾ ബാബ മനസ്സി ലാക്കും എത്രത്തോളം പുരുഷാർത്ഥിയാണെന്ന്. ബാബ ജ്ഞാനസാഗരനാണ്. കുട്ടികൾക്ക് ജ്ഞാനം നൽകു ന്നു. ആര് എത്രത്തോളം ജ്ഞാനം എടുക്കുന്നുണ്ട്, ഗുണവാനായി മാറുന്നുണ്ട്- ഇത് പെട്ടെന്ന് മനസ്സിലാ ക്കാൻ സാധിക്കും. ബാബയ്ക്ക് എല്ലാവരോടും സ്നേഹമുണ്ട്. ഇതിനെക്കുറിച്ച് ഒരു പാട്ടുണ്ട്- അങ്ങയ്ക്ക് മുള്ളുകളോടും സ്നേഹമാണ്, പൂക്കളോടും സ്നേഹമാണ്...നമ്പർവൈസ് തന്നെയാണ്. അതിനാൽ അച്ഛ നോട് എത്ര അധികം സ്നേഹം വേണം. അച്ഛൻ എന്ത് പറയുന്നുവോ അത് പെട്ടെന്ന് തന്നെ ചെയ്ത്

കാണിക്കണം അപ്പോൾ ബാബ മനസ്സിലാക്കും കുട്ടിക്ക് അച്ഛനോട് സ്നേഹമുണ്ട്. അവർക്ക് ആകർഷണ മുണ്ടാകും. ബാബയിൽ ഇത്രയും ആകർഷണ ശക്തിയാണ് അതിൽ പൂർണ്ണമായും ഒട്ടിപ്പിടിക്കും. പക്ഷേ ഏതുവരെ കറ ഇളകുന്നില്ലയോ അതുവരെ ആകർഷണവും ഉണ്ടാകില്ല. ഓരോരുത്തരേയും നോക്കുന്നു ണ്ട്.

അച്ഛന് സേവനയുക്തരായ കുട്ടികളെ വേണം. അച്ഛൻ വരുന്നതുതന്നെ സേവനം ചെയ്യാനാണ്. പതിതരെ പാവനമാക്കി മാറ്റുന്നു. ഇത് നിങ്ങൾക്ക് അറിയാം, ലോകത്തിലുള്ളവർക്ക് ഇത് അറിയില്ല എന്തുകൊണ്ടെ ന്നാൽ ഇപ്പോൾ നിങ്ങൾ കുറച്ചുപേരേയുള്ളു. ഏതുവരെ യോഗമില്ലയോ അതുവരെ ആകർഷണമുണ്ടാ കില്ല. ഈ പരിശ്രമം വളരെ കുറച്ചേ ചെയ്യുന്നുള്ളു. ഏതെങ്കിലും കാര്യത്തിൽ മുഴുകുന്നു. എന്തെല്ലാം കേട്ടോ അതിനെയെല്ലാം സത്യമാണ് സത്യമാണ് എന്ന് പറയാൻ ഇത് ആ സത്സംഗമല്ല. സർവ്വശാസ്ത്ര ശിരോമണി ഒരേ ഒരു ഗീതയാണ്. ഗീതയിൽത്തന്നെയാണ് രാജയോഗമുള്ളത്. വിശ്വത്തിന്റെ അധികാരി ബാബയാണ്. കുട്ടികളോട് പറഞ്ഞുകൊണ്ടിരിക്കുന്നു ഗീതയിലൂടെയാണ് പ്രഭാവമുണ്ടാവുക. പക്ഷേ അത്ര ത്തോളം ശക്തിശാലിയാകണം. യോഗബലത്തിന്റെ ശക്തി വളരെ അധികം വേണം, ഈ കാര്യത്തിൽ വളരെ ബലഹീനമാണ്. ഇപ്പോൾ കുറച്ച് സമയമുണ്ട്. പറയുന്നു മധുരം നൽകിയാലേ മധുരം ലഭിക്കൂ...... എന്നെ സ്നേഹിക്കുകയാണെങ്കിൽ ഞാനും സ്നേഹിക്കാം. ഇതാണ് ആത്മാവിന്റെ സ്നേഹം. ഒരു ബാബ യുടെ ഓർമ്മയിൽ ഇരിക്കണം, ഈ ഓർമ്മയിലൂടെയേ വികർമ്മം വിനാശമാകൂ. ചിലർ തീർത്തും ഓർമ്മി ക്കുന്നില്ല. അച്ഛൻ മനസ്സിലാക്കിത്തരുന്നു– ഇവിടെ ഭക്തിയുടെ കാര്യമില്ല. ഇത് ബാബയുടെ രഥമാണ്, ഇവരിലൂടെയാണ് ശിവബാബ പഠിപ്പിക്കുന്നത്. എന്റെ കാല് കഴുകി വെള്ളം കുടിക്കൂ എന്ന് ശിവബാബ പറയില്ല. ബാബ കാലിൽ തൊടാൻ പോലും അനുവദിക്കില്ല. ഇത് പഠിപ്പാണ്. കാലുപിടിക്കുന്നതുകൊണ്ട് എന്തു ഗുണം. ബാബ എല്ലാവരുടേയും സദ്ഗതി ചെയ്യുന്നവരാണ്. കോടികളിൽ ചിലരേ ഈ കാര്യങ്ങൾ മനസ്സിലാക്കു. ആരാണോ കല്പം മുമ്പ് ഉള്ളവർ അവരേ മനസ്സിലാക്കു. നിഷ്കളങ്കരുടെ നാഥനായ ബാബ വന്ന് നിഷ്കളങ്കരായ മാതാക്കൾക്ക് ജ്ഞാനം നൽകി ഉയർത്തുന്നു. ബാബ പൂർണ്ണമായും ഉയർത്തുന്നു– മുക്തിയിലേയ്ക്കും ജീവന്മുക്തിയിലേയ്ക്കും. ബാബ ഇതുമാത്രമേ പറയുന്നുള്ളു– വികാരങ്ങളെ ഉപേ ക്ഷിക്കൂ. ഇതിലാണ് ബഹളങ്ങളുണ്ടാകുന്നത്. ബാബ മനസ്സിലാക്കിത്തരുന്നു– സ്വയം നോക്കൂ എന്നിൽ എന്തെല്ലാം അവഗുണങ്ങൾ ഉണ്ട്? കച്ചവടക്കാർ ദിവസവും തന്റെ ലാഭ നഷ്ടത്തിന്റെ കണക്ക് എടുക്കും. നിങ്ങളും കണക്കുനോക്കൂ നമ്മെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്ന, അതിസ്നേഹിയായ ബാബയെ എത്ര സമയം ഞാൻ ഓർമ്മിച്ചു? നോക്കും, എന്നിട്ട് ഓർമ്മിച്ചത് കുറവാണെങ്കിൽ ലജ്ജ തോന്നും എന്ത് ഇങ്ങനെയുള്ള അച്ഛനെ ഞാൻ ഓർമ്മിച്ചില്ലെന്നോ. നമ്മുടെ ബാബ വളരെ അത്ഭുതകരമാണ്. സ്വർഗ്ഗമാണ് മുഴുവൻ സൃഷ്ടിയിലേയും വളരെ അത്ഭുതകരമായ വസ്തു. അവർ സ്വർഗ്ഗം ലക്ഷക്കണക്കിന് വർഷങ്ങ ളാണ് എന്നു പറയുന്നു നിങ്ങൾ പറയും 5000 വർഷമാണ്. രാത്രിയുടേയും പകലിന്റേയും വ്യത്യാസമാ ണ്. പഴയ ഭക്തർ ആരാണോ അവരിൽ ബാബ ബലിയാകുന്നു. അതീവ ഭക്തി ചെയ്തിട്ടുണ്ടല്ലോ. ബ്രഹ്മാ ബാബ ഈ ജന്മത്തിലും ഗീത പഠിച്ചിരുന്നു ഒപ്പം നാരായണന്റെ ചിത്രവും സൂക്ഷിച്ചിരുന്നു. ലക്ഷ്മിയെ ദാസിത്വത്തിൽ നിന്ന് മുക്തമാക്കിയപ്പോൾ എത്ര സന്തോഷമുണ്ടായി. എങ്ങനെ നമ്മൾ ഈ ശരീരം ഉപേ ക്ഷിച്ച് സത്യയുഗത്തിൽ പുതിയ ശരീരമെടുക്കുമോ അതുപോലെ. ബാബയ്ക്കും സന്തോഷമുണ്ടായിരുന്നു ഞാൻ പോയി വെളുത്ത രാജകുമാരനാകും. പുരുഷാർത്ഥവും ചെയ്യിച്ചുകൊണ്ടിരിക്കുന്നു. വെറുതെ എങ്ങനെ ആവും. നിങ്ങളും നല്ലരീതിയിൽ അച്ഛനെ ഓർമ്മിക്കുകയാണെങ്കിൽ സ്വർഗ്ഗത്തിന്റെ സമ്പത്ത് നേടും. ചിലർ പഠിക്കുന്നുമില്ല, ദൈവീക ഗുണങ്ങളും ധാരണ ചെയ്യുന്നില്ല. കണക്കും വെയ്ക്കുന്നില്ല. ഉയർന്ന പദവിയിൽ എത്തുന്നത് ആരാണോ അവരേ എപ്പോഴും കണക്ക് വെയ്ക്കുകയുള്ളു. ഇല്ലെങ്കിൽ കേവലം ഷോ കാണിക്കും. 15–20 ദിവസങ്ങൾക്കുശേഷം എഴുതുന്നത് അവസാനിപ്പിക്കും. ഇവിടെ പരീ ക്ഷകളെല്ലാം ഗുപ്തമാണ്. ഓരോരുത്തരുടേയും യോഗ്യത എന്തെന്ന് അച്ഛന് അറിയാം. ബാബ പറയു ന്നത് പെട്ടെന്ന് അനുസരിച്ചാൽ പറയും ആജ്ഞാകാരി, അനുസരണയുള്ളവരാണ്. ബാബ പറയുന്നു ഇപ്പോൾ കുട്ടികൾക്ക് ഒരുപാട് ജോലി ചെയ്യാനുണ്ട്. എത്ര നല്ല നല്ല കുട്ടികൾപോലും ഉപേക്ഷിച്ച് പോകു ന്നു. ബാബ ഒരിയ്ക്കലും ആരെയും ഉപേക്ഷിക്കുകയോ ഡിവോഴ്സ് നൽകുകയോ ചെയ്യില്ല. ബാബ വന്നിരിക്കുന്നത് ഡ്രാമ അനുസരിച്ച് വലിയ കരാർ എടുക്കാനാണ്. ഞാൻ ഏറ്റവും വലിയ കരാറുകാരനാ ണ്. എല്ലാവരേയും പുഷ്പമാക്കി മാറ്റി കൂടെക്കൊണ്ടുപോകും. നിങ്ങൾ കുട്ടികൾക്ക് അറിയാം പതിതരെ പാവനമാക്കി മാറ്റുന്ന കരാറുകാരൻ ഒന്നേയുള്ളു. ബാബ നിങ്ങളുടെ മുന്നിൽ ഇരിക്കുകയാണ്. ചിലർക്ക് നല്ല നിശ്ചയമുണ്ട്, ചിലർക്കാണെങ്കിൽ നിശ്ചയമില്ല. ഇന്ന് ഇവിടെയുണ്ട്, നാളെ ഉപേക്ഷിച്ച് പോകും, പെരുമാറ്റം അങ്ങനെയുള്ളതാണ്. ഉള്ള് തിന്നുകൊണ്ടിരിക്കും– ഞാൻ ബാബയുടെ അടുത്ത് ഇരുന്നിട്ട്, ബാബയുടേതായിട്ട് എന്താണ് ചെയ്യുന്നത്. സേവനമൊന്നും ചെയ്യുന്നില്ലെങ്കിൽ ലഭിക്കുന്നത് എന്താണ്. ചപ്പാത്തിയുണ്ടാക്കുക, കറിയുണ്ടാക്കുക ഇതെല്ലാം മുമ്പും ചെയ്തിട്ടുണ്ടായിരുന്നു. പുതിയതായി എന്ത്

ചെയ്തു? ഇത്ര പേർക്ക് വഴി പറഞ്ഞുകൊടുത്തുവെന്ന് സേവനത്തിന്റെ തെളിവ് നൽകണം.

ഈ ഡ്രാമ വളരെ അതിശയകരമായി നിർമ്മിച്ചതാണ്. എന്തെല്ലാം സംഭവിക്കുന്നുണ്ടോ അതെല്ലാം നിങ്ങൾ പ്രാക്ടിക്കലായി കാണുന്നുണ്ട്. ശാസ്ത്രങ്ങളിൽ കൃഷ്ണന്റെ ചരിത്രം എഴുതിയിട്ടുണ്ട്, പക്ഷേ ചരിത്രം ഒരേ ഒരു അച്ഛന്റേതാണ്. ബാബയാണ് എല്ലാവരുടേയും സദ്ഗതി ചെയ്യുന്നത്. ബാബയുടേതുപോലുള്ള ചരിത്രം മറ്റാർക്കും ഉണ്ടാവുക സാധ്യമല്ല. ചരിത്രമാണെങ്കിൽ അതിൽ എന്തെങ്കിലും നല്ലത് ഉണ്ടായിരിക്കണം കട്ടുകൊണ്ടുപോവുക, അതും ഇതും ചെയ്യുക ഇതൊന്നും ചരിത്രമല്ല. സർവ്വരുടേയും സദ്ഗതി ചെയ്യുന്നത് ഒരേ ഒരു ബാബയാണ്. ബാബ കല്പ കല്പം വന്ന് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു. ലക്ഷക്കണക്കിന് വർഷങ്ങളുടെ കാര്യമേയില്ല.

അതിനാൽ കുട്ടികൾ മോശമായ ശീലങ്ങൾ ഉപേക്ഷിക്കണം. ഇല്ലെങ്കിൽ എന്ത് പദവി ലഭിക്കും? പ്രിയതമനും ഗുണം നോക്കിയല്ലേ പ്രേമിക്കുക. ആരാണോ അവരുടെ സേവനം ചെയ്യുന്നത് അവരെയാണ് പ്രേമിക്കുക. സേവനം ചെയ്യാത്തത് ആരാണോ അവരെക്കൊണ്ട് എന്തിനാണ്. ഈ കാര്യങ്ങൾ വളരെ മനസ്സിലാക്കേണ്ടതാണ്. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾ മഹാഭാഗ്യശാലികളാണ്, നിങ്ങളെപ്പോലെ ഭാഗ്യശാലിയായി മറ്റാരുമില്ല. തീർച്ചയായും നിങ്ങൾ സ്വർഗ്ഗത്തിലേയ്ക്ക് പോകും പക്ഷേ പ്രാലബ്ധം വളരെ ഉയർന്നത് ഉണ്ടാക്കണം. കല്പ കല്പാന്തരങ്ങളിലെ കാര്യമാണ്. പദവി കുറഞ്ഞുപോകും. എന്ത് ലഭിച്ചോ അത് നല്ലതാണ് എന്നു പറഞ്ഞ് സന്തോഷിക്കരുത്. പുരുഷാർത്ഥം വളരെ നന്നായി ചെയ്യണം. സേവനത്തിന്റെ തെളിവ് വേണം– എത്ര പേരെ തനിക്കു സമാനമാക്കി മാറ്റി? നിങ്ങളുടെ പ്രജ എവിടെയാണ്? പക്ഷേ നമ്മൾ എവിടെയാണ്? എന്നത് മനുഷ്യർ മനസ്സിലാക്കുന്നില്ല  ഇതാണ് മുള്ളുകളുടെ കാട്, അതാണ് പൂക്കളുടെ തോട്ടം. അതിനാൽ ഇപ്പോൾ അച്ഛനേയും അമ്മയേയും അനന്യരായ കുട്ടികളേയും ഫോളോ ചെയ്യണം എങ്കിലേ ഉയർന്ന പദവി ലഭിക്കൂ. ബാബ വളരെ അധികം മനസ്സിലാക്കിത്തരുന്നുണ്ട്. പക്ഷേ മനസ്സിലാക്കേണ്ടവരേ മനസ്സിലാക്കൂ. ചിലർ കേട്ട് പിന്നീട് നല്ലരീതിയിൽ വിചാരസാഗര മഥനം ചെയ്യുന്നു. ചിലർ കേട്ടിട്ടും കേൾക്കാത്തതുപോലെയിരിക്കുന്നു. ശിവബാബയെ ഓർമ്മയുണ്ടോ? എന്ന് പലയിടങ്ങളിൽ എഴുതിവെച്ചിട്ടുണ്ട്. ബാബയെ ഓർമ്മയുണ്ടെങ്കിൽ സമ്പത്തും ഓർമ്മവരും. ദൈവീക ഗുണങ്ങളുണ്ടെങ്കിൽ ദേവതയാകും. അഥവാ ക്രോധമുണ്ടെങ്കിൽ, ആസുരീയ അവഗുണങ്ങളുണ്ടെങ്കിൽ ഉയർന്ന പദവി നേടാൻ കഴിയില്ല. അവിടെ ഒരു ഭൂതവുമുണ്ടാകില്ല. രാവണനേയില്ല പിന്നെ രാവണന്റെ ഭൂതം എവിടെനിന്നു വരാനാണ്. ദേഹാഭിമാനം, കാമം, ക്രോധം....... ഇതാണ് വലിയ ഭൂതങ്ങൾ. ഇതിനെ പുറത്താക്കാൻ ഒരേ ഒരു ഉപായമേയുള്ളു– ബാബയുടെ ഓർമ്മ. ബാബയുടെ ഓർമ്മയിലൂടെയേ മുഴുവൻ ഭൂതങ്ങളും ഓടിപ്പോകൂ. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര–മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും  സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക്  നമസ്കാരം.

**രാത്രിക്ലാസ് –**

വളരെ അധികം കുട്ടികൾക്ക് ആഗ്രഹമുണ്ട് എനിക്കും മറ്റുള്ളവരെ തനിക്കു സമാനമാക്കി മാറ്റുന്നതിനുള്ള സേവനം ചെയ്യണം. തന്റെ പ്രജകളെ ഉണ്ടാക്കണം. എങ്ങനെ തന്റെ മറ്റു സഹോദരങ്ങൾ സേവനം ചെയ്യുന്നുവോ അതുപോലെ ഞാനും ചെയ്യട്ടേ. മാതാക്കളാണ് കൂടുതൽ. കലശവും മാതാക്കൾക്കാണ് നൽകിയത്. ബാക്കിയുള്ളവർ പ്രവൃത്തിമാർഗ്ഗമാണ്. ഇരുകൂട്ടരും വേണം. ബാബ ചോദിക്കുന്നു എത്ര മക്കളുണ്ട്? ശരിയുത്തരം നൽകുന്നുണ്ടോ എന്ന് നോക്കും. 5 പേർ സ്വന്തമാണ് ഒന്ന് ശിവബാബയാണ്. ചിലർ പറയുന്നതിനുവേണ്ടി മാത്രം പറയുന്നു. ചിലർ സത്യമായും ആക്കുന്നു. ആര് അനന്തരാവകാശിയാക്കുന്നുവോ  അവർ വിജയമാലയിൽ കോർക്കപ്പെടും. ആര് സത്യം സത്യമായി അനന്തരാവകാശിയാക്കി മാറ്റുന്നുവോ അവർ സ്വയം അനന്തരാവകാശിയായി മാറുന്നു. സത്യമായ ഹൃദയത്തിൽ ഭഗവാൻ പ്രീതിപ്പെടും... ബാക്കി എല്ലാവരും പറയാൻ വേണ്ടി മാത്രം പറയുന്നു. ഈ സമയത്ത് പാരലൗകിക പിതാവ് എല്ലാവർക്കും സമ്പത്ത് നൽകുകയാണ് അതിനാൽ ഓർമ്മിക്കേണ്ടതും അവരെത്തന്നെയാണ് ഇതിലൂടെ 21 ജന്മങ്ങളിലേയ്ക്ക് സമ്പത്ത് ലഭിക്കുന്നു. ബുദ്ധിയിൽ ജ്ഞാനമുണ്ട് എല്ലാവരും നിലനിൽക്കില്ല. ബാബ എല്ലാവരുടേയും അവസ്ഥ നോക്കും സത്യത്തിൽ അനന്തരാവകാശിയാക്കി മാറ്റിയോ അതോ ആക്കി മാറ്റുന്നതിനായി ചിന്തിച്ചിട്ടേയുള്ളോ. അനന്തരാവകാശിയാക്കി മാറ്റുക എന്നതിന്റെ അർത്ഥം അറിയാം. വളരെ അധികം പേർ ഇങ്ങനെയുണ്ട് അവർക്ക് മനസ്സിലാക്കിയിട്ടും ആക്കി മാറ്റാൻ സാധിക്കുന്നില്ല കാരണം

മായയ്ക്ക് വശപ്പെട്ടിരിക്കുന്നു. ഈ സമയത്ത് ഒന്നുകിൽ ഈശ്വരന്റെ വശത്ത് അല്ലെങ്കിൽ മായയുടെ വശത്താണ്. ഈശ്വരന്റെ വശത്തുള്ളത് ആരാണോ അവർ അനന്തരാവകാശിയാക്കി മാറ്റും. 8 ന്റെ മാലയുമുണ്ട് 108 ന്റെ മാലയുമുണ്ട്. 8 പേർ തീർച്ചയായും അത്ഭുതം കാണിക്കുന്നുണ്ടാകും. തീർച്ചയായും അനന്തരാവകാശിയാക്കി മാറ്റിയിട്ടേ വിടുകയുള്ളു. അനന്തരാവകാശിയാക്കി മാറ്റുന്നുണ്ടെങ്കിലും സമ്പത്ത് നേടുകയാണ് ചെയ്യുന്നത്. ഇങ്ങനെ ഉയർന്ന അനന്തരാവകാശിയാക്കി മാറ്റുന്നവരുടെ കർമ്മവും വളരെ ഉയർന്നതായിരിക്കും. ഒരു വികർമ്മവും ഉണ്ടാകില്ല. എന്തെല്ലാം വികാരങ്ങളുണ്ടോ അതെല്ലാം വികർമ്മങ്ങളല്ലേ. ബാബയെ അല്ലാതെ മറ്റാരെയെങ്കിലും ഓർമ്മിക്കുക– ഇതുപോലും വികർമ്മമാണ്. അച്ഛൻ എന്നാൽ അച്ഛനാണ്. അച്ഛൻ മുഖത്തിലൂടെ പറയുന്നു എന്നെ മാത്രം ഓർമ്മിക്കു. നിർദേശം ലഭിച്ചില്ലേ. അതിനാൽ പൂർണ്ണമായും ഓർമ്മിക്കണം– ഇതിലാണ് പരിശ്രമം. ഒരേ ഒരു ബാബയെ ഓർമ്മിക്കുകയാണെങ്കിൽ മായ ഇത്രത്തോളം ഉപദ്രവിക്കില്ല. പക്ഷേ മായയും ശക്തിശാലിയാണ്. മനസ്സിലാകുന്നുണ്ട് മായ വലിയ വികർമ്മങ്ങൾ ചെയ്യിക്കുന്നു. വലിയ വലിയ മഹാരഥികളെപ്പോലും വീഴ്ത്തുന്നു. ദിനംപ്രതിദിനം സെന്ററിന്റെ അഭിവൃദ്ധി ഉണ്ടാകും. ഗീതാപാഠശാലകൾ അല്ലെങ്കിൽ മ്യൂസിയം തുറന്നുകൊണ്ടിരിക്കും. മുഴുവൻ ലോകത്തിലേയും മനുഷ്യർ അച്ഛൻ പറയുന്നതും അനുസരിക്കും, ബ്രഹ്മാവ് പറയുന്നതും അനുസരിക്കും. ബ്രഹ്മാവിനേയും പ്രജാപിതാവെന്നാണ് വിളിക്കുന്നത്. ആത്മാക്കളെ പ്രജ എന്നു പറയില്ല. മനുഷ്യ സൃഷ്ടി ആരാണ് രചിക്കുന്നത്? പ്രജാപിതാ ബ്രഹ്മാവിന്റെ പേരുവരുമ്പോൾ ബാബ സാകാരവും, ശിവബാബ നിരാകാരനുമാണ്. അവർ അനാദിയാണ്. ലോകരും അനാദി എന്നാണ് പറയുന്നത്. രണ്ടുപേരുടേയും നാമം വളരെ ഉയർന്നതാണ്. ഒന്ന് ആത്മീയ അച്ഛൻ, അടുത്തത് പ്രജാപിതാവ്. രണ്ടുപേരും ഇരുന്ന് നിങ്ങളെ പഠിപ്പിക്കുന്നു. എത്ര ഉയർന്നവരാണ്! കുട്ടികൾക്ക് എത്ര ലഹരി കയറണം! സന്തോഷം എത്ര ഉണ്ടായിരിക്കണം! പക്ഷേ മായ സന്തോഷം അഥവാ ലഹരിയിൽ ഇരിക്കാൻ അനുവദിക്കുന്നില്ല. വിദ്യാർത്ഥികൾ ഇങ്ങനെ വിചാര സാഗരമഥനം ചെയ്യുകയാണെങ്കിൽ സേവനവും ചെയ്യാൻ സാധിക്കും. സന്തോഷമായിരിക്കാൻ കഴിയും, പക്ഷേ ഇപ്പോൾ സമയമുണ്ട്. എപ്പോൾ കർമ്മാതീത അവസ്ഥയിൽ എത്തുന്നുവോ അപ്പോൾ സന്തോഷവും ഉണ്ടാകും. ശരി– ആത്മീയ കുട്ടികളെ പ്രതി ആത്മീയ ബാപ്ദാദയുടെ സ്നേഹ സ്മരണകളും ശുഭരാത്രിയും.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) ദിവസവും രാത്രിയിൽ കണക്കുകൾ നോക്കണം അതിമധുരമായ ബാബയെ മുഴുവൻ ദിവസത്തിൽ എത്ര ഓർമ്മിച്ചു? തന്റെ ഷോ ചെയ്യാൻ വേണ്ടി കണക്കുവെക്കേണ്ടതില്ല, ഗുപ്തമായി പുരുഷാർത്ഥം ചെയ്യണം.

2) ബാബ എന്താണോ കേൾപ്പിക്കുന്നത് അതിനെക്കുറിച്ച് വിചാര സാഗര മഥനം ചെയ്യണം, സേവനത്തിന്റെ തെളിവ് നൽകണം. ചെവിക്കൊള്ളാതിരിക്കരുത്. ഉള്ളിൽ എന്തെങ്കിലും ആസുരീയ അവഗുണങ്ങളുണ്ടെങ്കിൽ അതിനെ പരിശോധിച്ച് പുറത്തുകളയണം.

## വരദാനം:– വൈരാഗ്യ വൃത്തിയിലൂടെ ഈ ലോകത്ത് നിന്ന് മമത്വ മുക്തരായി കഴിയുന്ന സത്യമായ രാജഋഷിയായി ഭവിക്കൂ

രാജഋഷി അർത്ഥം രാജ്യം ഉണ്ടായിട്ടും പരിധിയില്ലാത്ത വൈരാഗി, ദേഹത്തിലും ദേഹത്തിന്റെ പഴയ ലോകത്തിലും അൽപം പോലും മമത്വം ഇല്ല എന്തുകൊണ്ടെന്നാൽ അറിയാം ഈ പഴയ ലോകം തന്നെ സാരരഹിത ലോകമാണ്, ഇതിൽ ഒരു സാരവുമില്ല. അസാര ലോകത്തിൽ ബ്രാഹ്മണരുടെ ശ്രേഷ്ഠ ലോകം ലഭിച്ചു അതിനാൽ ആ ലോകത്തിൽ നിന്ന് പരിധിയില്ലാത്ത വൈരാഗ്യം അർത്ഥം യാതൊരു മമത്വവുമില്ല. എപ്പോൾ യാതൊരു മമത്വും ചായ്‌വുമില്ലയോ അപ്പോൾ പറയും രാജഋഷി അഥവാ തപസ്വി.

## സ്ലോഗൻ:– യുക്തിയുക്ത സംഭാഷണം അതാണ് ഏതൊന്നാണോ മധുരവും ശുഭ ഭാവനാ സമ്പന്നവുമായിട്ടുള്ളത്.